നിലവിലെ ട്രഷറി നിക്ഷേപം 48,445.39 കോടി രൂപയാണ്. കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നില്ല. നിക്ഷേപം എത്ര കാലം കഴിഞ്ഞതിനുശേഷവും മുൻകാല തീയതി വച്ച് പുതുക്കാവുന്നതാണ്. ആയതുകൊണ്ടുതന്നെ നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത അക്കൗണ്ടുകൾ എത്രയെന്നുള്ളത് പ്രസക്തമല്ല.

(ഡി) സ്ഥിരനിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത കേസുകളിൽ അവരുടെ അവകാശികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

നിക്ഷേപ കാലാവധി പൂർത്തിയാക്കുമ്പോൾ ഇതുസംബന്ധിച്ച് നിക്ഷേപകർക്ക് നോട്ടീസ് അയയ്ക്കുന്നതാണ്. നിക്ഷേപകൻ മരണപ്പെടുകയാണെങ്കിൽ അവകാശികൾക്ക് നിക്ഷേപ തുക കൈപ്പറ്റുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല.

മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം

88(3519) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ-5 സർവ്വേ നമ്പർ 446/12-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കികൊണ്ട്, 27-2-2020-ൽ ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd.-ന് 13-3-2020-ൽ നിർദ്ദേശം നൽകുകയും ഒരു വർഷത്തിനുശേഷം INKEL 19-3-2020-ന് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ട്രഷറി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം സബ് ട്രഷറിയുടെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് INKEL-ന് 10-2-2021-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം ട്രഷറിയുടെ നിർമ്മാണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ആർ. തയ്യാറാക്കുന്നതിന് മറ്റൊരു അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല. ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരികയാണ്.

ടി.എസ്.ബി. അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുക

89(3520) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 മുതൽ നാളിതുവരെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും എത്ര രൂപ തിരിച്ചെടുത്തിട്ടുണ്ട്; തിരിച്ചെടുത്ത തുകയിൽ എത്ര രൂപ നാളിതുവരെ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട്; പ്രസ്തുത തുക പൂർണ്ണമായും റീഫണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2018-19 മുതൽ 2020-21 വരെ ട്രഷറി അക്കൗണ്ടുകളിൽനിന്നും തിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	തുക
2018-19	2568,24,39,701
2019-20	3677,80,62,332
2020-21	5919,33,07,732
ആകെ	12165,38,09,765

2018-19 വർഷത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കും 2019-20, 2020-21 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെ തന്നെ മുഴുവൻ തുകയും തിരികെ അതത് എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. എസ്.ടി.എസ്.ബി. അക്കൗണ്ടുകൾ ഒഴികെയുള്ള കേസിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് റീഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly